# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5873 — 09.07.2012 ൽ -മറുപടിക്ക്

## ഭക്ഷ്യസുരക്ഷാനിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, സാജു പോൾ<br>ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഭക്ഷ്യസുരക്ഷാനിയമം കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ നിയമം നടപ്പാക്കുമ്പോൾ എത്ര കാർഡുടമകൾ കേരളത്തിൽ പൊതു വിതരണ സമ്പ്രദായത്തിൽ നിന്ന് പുറത്താകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. നിലവിൽ പാർലമെന്റിന്റെ പരിഗണനയിലിരിക്കുന്ന കരട് ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ 25% വും നഗര പ്രദേശങ്ങളിൽ 50% വും പൊതുവിതരണ സമ്പ്രദായത്തിൽ നിന്ന് പുറത്താകുമെന്ന് അനുമാനിക്കുന്നു. |
| (സി) | ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന പ്രയാസങ്ങൾ വകുപ്പ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് നിയമത്തിൽ മാറ്റം വരുത്താൻ ഈ വകുപ്പ് എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തമല്ലാത്ത കേരളത്തെ സംബന്ധിച്ചിടത്തോളം ആകെ ജനസംഖ്യയുടെ 90%വും പൊതുവിതരണ സമ്പ്രദായത്തെയാണ് ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിൽ ജനസംഖ്യയുടെ നല്ലൊരു വിഭാഗവും ഭക്ഷ്യ സുരക്ഷാ നിയമത്തിന് പുറത്താകുന്നത് സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില വർദ്ധിക്കുന്നതിനും സാമ്പത്തിക അസമത്വത്തിന് കാരണമാകുമെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ടി ഭക്ഷ്യസുരക്ഷാനിയമം അനുശാസിക്കുന്ന പ്രകാരം ആളൊന്നിന് 7 കിലോഗ്രാം അരി എന്നുള്ള സമ്പ്രദായവും കേരളത്തെപ്പോലെ ജനസംഖ്യാ നിയന്ത്രണം നന്നായി നടപ്പിലാക്കുന്ന സംസ്ഥാനത്ത് അപ്രായോഗികമാണെന്നും അതിനാൽ നാഷണൽ അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 90% വും ആവശ്യമായ മാനദണ്ഡമനുസരിച്ച് എ.പി.എൽ. കുടുംബങ്ങളിൽ മുഴുവൻ പേരെയും ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ